# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 3884 21.06.2019- ൽ മറുപടിക്ക്**

## സ്പിന്നിംഗ് മില്ലുകളിലെ മാനേജിംഗ് ഡയറക്ടർ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

(എ) പൊതുമേഖലയിലും സഹകരണ മേഖലയിലും പ്രവർത്തിക്കുന്ന സ്പിന്നിംഗ് മില്ലുകളിൽ 2016 ഒക്ടോബർ 15 ന് ശേഷം എം.ഡി. തസ്തികയിൽ സ്ഥിരം, താത്കാലികം, അധിക ചുമതല എന്നീ വ്യവസ്ഥകളിൽ നിയമിക്കപ്പെട്ടവരുടെ പേരും വിദ്യാഭ്യാസ യോഗ്യതയും എന്താണെന്ന് വ്യക്തമാക്കാമോ;

(എ) 1) ശ്രീ.അരുൾശെൽവൻ, മാനേജിംഗ് ഡയറക്ടർ (അധികചുമതല), കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ (03.03.2017 മുതൽ 05.03.2019 വരെ)

| | |
|---|---|
| വിദ്യാഭ്യാസ യോഗ്യത | എം.ടെക് (ടെക്സ്റ്റൈൽ ടെക്നോളജി) PGTTM (Netherland Fellowship) |

നിലവിൽ കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ മാനേജിംഗ് ഡയറക്ടർ ചുമതല കൊല്ലം വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് അധിക ചുമതലയായി നൽകിയിട്ടുണ്ട്.

2) ശ്രീ.പി.എസ്.ശ്രീകുമാർ, മാനേജിംഗ് ഡയറക്ടർ(അധിക ചുമതല), തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ (06.04.2018 മുതൽ )

| | |
|---|---|
| വിദ്യാഭ്യാസ യോഗ്യത | ബി.സി.എ, ഡിപ്ലോമ ഇൻ ടെക്സ്റ്റൈൽ ടെക്നോളജി, എം.ബി.എ |

3) ശ്രീ.സി.ആർ.രമേഷ് , മാനേജിംഗ് ഡയറക്ടർ(അധിക ചുമതല) , മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് (06.04.2018 മുതൽ)

| | |
|---|---|
| വിദ്യാഭ്യാസ യോഗ്യത | ഡിപ്ലോമ ഇൻ ടെക്സ്റ്റൈൽ ടെക്നോളജി |

4) പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മില്ലിന്റെ മാനേജിംഗ് ഡയറക്ടർ ചുമതല കോട്ടയം വ്യവസായകേന്ദ്രം ജനറൽ മാനേജർക്ക് അധിക ചുമതലയായി നൽകിയിട്ടുണ്ട്.

5)കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറായി കൈത്തറി ഡയറക്ടർ ശ്രീ.കെ.സുധീറിനെ നിയമിച്ചിട്ടുണ്ട്(അധിക ചുമതല).

| | |
|---|---|
| വിദ്യാഭ്യാസ യോഗ്യത | ബി.ടെക് |

(ബി) സ്പിന്നിംഗ് മില്ലുകളിൽ 2016 ഒക്ടോബർ 15 ന് ശേഷം എം.ഡി. തസ്തികയിൽ നിയമിക്കപ്പെട്ട ആരെയെല്ലാം ഇതുവരെ തൽസ്ഥാനത്ത് നിന്നും നീക്കം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സ്പിന്നിംഗ് മില്ലുകളിൽ 2016 ഒക്ടോബർ 15 ന് ശേഷം മാനേജിംഗ് ഡയറക്ടർ തസ്തികയിൽ നിയമിക്കപ്പെട്ടവരിൽ കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ മാനേജിംഗ് ഡയറക്ടറായി അധിക ചുമതല വഹിച്ചിരുന്നതുമായ ശ്രീ.അരുൾശെൽവനെയും കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായിരുന്ന ശ്രീ.എം.ഗണേഷിനേയും തൽസ്ഥാനത്തു നിന്നും നീക്കം ചെയ്തിട്ടുണ്ട്.

(സി) കുറ്റിപ്പുറം മാൽകോ ടെക്സ്, തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ, കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ എന്നിവയിലെ എം.ഡി. ചുമതല വഹിക്കുന്നവർക്കെതിരെ നിലവിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; ഓരോ പരാതിയിലും ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

(സി) തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ മാനേജിംഗ് ഡയറക്ടറുടെ അധികചുമതല വഹിക്കുന്ന ശ്രീ.പി.എസ്. ശ്രീകുമാറിനെതിരെ 4 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 2 പരാതികളിന്മേൽ കൈത്തറി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടുകൾ പരിശോധിച്ചു വരുകയും ഒരു പരാതി കൈത്തറി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വാസ്തവവിരുദ്ധമാണെന്ന് കണ്ടെത്തുകയും തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. മറ്റൊരു പരാതിയിന്മേൽ കൈത്തറി ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെയും മാൽകോടെക്സിന്റെയും മാനേജിംഗ് ഡയറക്ടറുടെ അധികചുമതല വഹിക്കുന്ന ശ്രീ.സി.ആർ. രമേഷിനെതിരെ 2 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയവ കൈത്തറി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വാസ്തവവിരുദ്ധമാണെന്ന് കണ്ടെത്തുകയും തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ